# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**<u>മുല്ലപ്പെരിയാറിൽ പുതിയ ഡാം</u>**

**2315 ശ്രീ. പി. സി. ജോർജ്**
**ഡോ. എൻ. ജയരാജ്**
**ശ്രീ. റോഷി അഗസ്റ്റിൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കുന്നതിന് മുന്നോടിയായുള്ള പരിസ്ഥിതി ആഘാത പഠനം നടത്തിയോ; ഏത് ഏജൻസിയാണ് പഠനം നടത്തിയത്; ആയതിന്റെ വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത ഡാം നിർമ്മിക്കുന്നതിനുള്ള 'സ്പെഷ്യൽ പർപ്പസ് വെഹിക്കിളിന്' രൂപം നൽകാൻ സാധിച്ചുവോ; ഇത് സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടം വരെയായി;

(സി) പുതിയ ഡാം നിർമ്മാണം യാഥാർത്ഥ്യമാകുന്നതിന് എന്തെല്ലാം നടപടികൾ അവശേഷിക്കുന്നുണ്ടെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

<u>മുല്ലപ്പെരിയാർ പാട്ടക്കരാർ</u>

2316

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
,, എം. ഉമ്മർ
,, കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ സംസ്ഥാനവുമായി മുല്ലപ്പെരിയാർ പാട്ടക്കരാർ ഒപ്പുവയ്ക്കുമ്പോൾ കരാറിൽ ഉൾപ്പെടുത്തിയിരുന്ന പ്രധാന വ്യവസ്ഥകൾ എന്തെല്ലാമായിരുന്നു എന്ന് വെളിപ്പെടുത്തുമോ;

(ബി) സ്വാതന്ത്ര്യ ലബ്ധിക്കുശേഷം എപ്പോഴെല്ലാം ഈ കരാർ പുതുക്കിയിട്ടുണ്ട്; ഏറ്റവും ഒടുവിൽ കരാർ പുതുക്കിയത് എന്നാണ്;

(സി) കേരള സംസ്ഥാനം രൂപീകൃതമായ ശേഷം സംസ്ഥാനാതിർത്തിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന ഡാമിന്റെ സംരക്ഷണാധികാരം തമിഴ്നാടിന് നല്കിക്കൊണ്ടുള്ള വ്യവസ്ഥയോടെ കരാർ പുതുക്കിയ സാഹചര്യം എന്തായിരുന്നു എന്ന് വിശദമാക്കുമോ;

(ഡി) മുല്ലപ്പെരിയാറിലേയ്ക്കുള്ള നീരൊഴുക്ക് വർദ്ധിച്ച് ഡാം നിറയുന്ന സാഹചര്യമുണ്ടായാൽ ഡാമിന് തകർച്ചയുണ്ടാകാൻ ഇടയുണ്ടെന്ന് കഴിഞ്ഞ നൂറ്റാണ്ടിന്റെ ആരംഭത്തിൽ തന്നെ വിദഗ്ധോപദേശം ഉണ്ടായിരുന്ന കാര്യം അറിവുണ്ടോ; എങ്കിൽ കരാർ പുതുക്കുന്ന വേളയിൽ ഡാം സുരക്ഷയുടെ കാര്യത്തിൽ വ്യക്തവും ശക്തവുമായ വ്യവസ്ഥകൾ ചേർക്കാതിരിക്കാനുള്ള കാരണമെന്താണ്; ഉത്തരവാദിത്തം ആർക്കാണ് എന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**20.06.2012 -ലെ മറുപടിക്ക്**

**മുല്ലപ്പെരിയാർ അണക്കെട്ട് - വിദഗ്ദ്ധ സമിതി റിപ്പോർട്ട്**

**2317 ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ അണക്കെട്ട് സുരക്ഷിതമാണെന്നുള്ള വിദഗ്ദ്ധ സമിതി റിപ്പോർട്ട് അംഗീകരിക്കുന്നുണ്ടോ;

(ബി) പുതിയ ഡാം പണിയണമെന്ന ആവശ്യത്തിൽ സർക്കാർ ഉറച്ചുനിൽക്കുന്നുണ്ടോ;

(സി) ഡാം സുരക്ഷിതമാണെന്നും ഇനിയും ഏറെനാൾ നില നിൽക്കുമെന്നും സർക്കാരിന് ഉറപ്പു നൽകാനാകുമോ;

(ഡി) ഡാമിന്റെ അപകടാവസ്ഥ ജീവനുഭീഷണിയാണെന്നുള്ള ലക്ഷക്കണക്കിനാളുകളുടെ ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടിനെതിരെ സുപ്രീം കോടതിയിൽ എന്ത് വാദമാണ് സമർപ്പിച്ചിട്ടുള്ളത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**<u>മുല്ലപ്പെരിയാർ - പുതിയ ഡാമിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ</u>**

**2318 ശ്രീ. കെ. സുരേഷ് കുറുപ്പ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കുന്നതിനുള്ള "സ്പെഷ്യൽ പർപ്പസ് വെഹിക്കിളിന്" രൂപം നൽകുന്നതിനായി നിർദ്ദേശം സമർപ്പിക്കുന്നതിന് ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**<u>ഡാമുകളോട് ചേർന്ന് ഉദ്യാനങ്ങൾ</u>**

2319

**ശ്രീ. ബെന്നി ബെഹനാൻ**
**,, ഡൊമിനിക് പ്രസന്റേഷൻ**
**,, ഷാഫി പറമ്പിൽ**
**,, ഹൈബി ഈഡൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സംസ്ഥാനത്തെ ഡാമുകളോട് അനുബന്ധിച്ച് പുതിയ ഉദ്യാനങ്ങൾ നിർമ്മിക്കുവാനും ഉള്ളവ നവീകരിക്കുവാനും ഉദ്ദേശിക്കുന്നുണ്ടോ;**

(ബി) **ടൂറിസം വകുപ്പുമായി ചേർന്ന് ഉദ്യാനത്തിൽ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുമോ; വിശദമാക്കുമോ;**

(സി) **ഇതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ?**

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**എം. എൽ. എ. മാർ നിർദ്ദേശിക്കുന്ന പ്രവൃത്തികൾക്ക് മുൻഗണന**

**2320 ശ്രീ. എ. എം. ആരിഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) എം. എൽ. എ. മാർ നിർദ്ദേശിക്കുന്ന അടിയന്തിര പ്രാധാന്യമുള്ള പ്രവൃത്തികൾക്ക് ജലവിഭവ വകുപ്പിൽ വേണ്ടത്ര മുൻഗണന നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) 1.2.2012 -ലെ സി. ഇ. (ജലസേചനം) തിരുവനന്തപുരം 35/VIP/2012 M(WR) എന്ന നമ്പറിലുള്ള അപേക്ഷ പരിശോധിച്ചിട്ടുണ്ടോ:

(സി) പ്രസ്തുത അപേക്ഷയിൽ പറയുന്ന പ്രശ്നങ്ങളുടെ ഗൗരവം കണക്കിലെടുത്ത് പ്രസ്തുത പ്രവൃത്തി വേഗത്തിൽ നടപ്പാക്കുന്നതിനു സത്വര നടപടി കൈകൊള്ളുമോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**<u>കാര്യംകോട് പുഴ - പാലായി വളവിൽ</u>**
**<u>റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം</u>**

2321 **ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

താഴെ കാണുന്ന ചോദ്യത്തിന്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**കാസർഗോഡ് ജില്ലയിലെ തെക്കൻ ഭാഗങ്ങളിലെ കുടിവെള്ള ക്ഷാമത്തിന് പരിഹാരമായും കാർഷികാവശ്യങ്ങൾ ഉദ്ദേശിച്ചുകൊണ്ടുമുള്ള കാര്യംകോട് പുഴയിൽ പാലായി വളവിൽ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണത്തിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടും പദ്ധതിക്കുള്ള അനുമതി ലഭിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; ഈ പദ്ധതിക്ക് എപ്പോൾ അനുമതി നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?**

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**ചിറ്റാരിക്കടവ് റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണ പദ്ധതി**

2322

**ശ്രീ. കെ. ദാസൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് മലബാർ ഇറിഗേഷൻ പാക്കേജിൽ കൊയിലാണ്ടി മണ്ഡലത്തിൽ അനുവദിക്കപ്പെട്ട ചിറ്റാരിക്കടവ് റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണ പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റ് ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർ സാമ്പത്തികാനുമതി ലഭിക്കുന്നതിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന് അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അനുമതി എപ്പോൾ നൽകുമെന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതി എപ്പോൾ പ്രവർത്തനമാരംഭിക്കും എന്ന് വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

### കുറ്റ്യാടി ജലസേചന പദ്ധതി

2323 ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ജലസേചന പദ്ധതിയുടെ തകരാറുകൾ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) കാർഷിക ആവശ്യങ്ങൾക്ക് കനാൽ ജലം ലഭ്യമാകാത്തതിന്റെ ഫലമായി വയൽ നികത്തുകയും കാർഷിക രംഗത്ത് നിന്ന് കർഷകർ പിൻവാങ്ങുകയും ചെയ്യുന്ന അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കാൻ കുറ്റ്യാടി കനാലിന്റെ അറ്റകുറ്റപ്പണികൾ നടത്താൻ നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

### പഴശ്ശി ജലസേചന പദ്ധതി

**2324** **ശ്രീ. സണ്ണി ജോസഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പഴശ്ശി ജലസേചന പദ്ധതിയുടെ ഷട്ടറുകൾ തകരാറായതിനാൽ ജലസംഭരണിയുടെ പ്രവർത്തനം ഫലപ്രദമല്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(സി) പഴശ്ശി ഡാമിലെ ചോർച്ച തടയുന്നതിനുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നിർദ്ദേശിക്കുമോ ?

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**<u>അങ്കമാലി നിയോജക മണ്ഡലത്തിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി</u>**

**2325 ശ്രീ. ജോസ് തെറ്റയിൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് അങ്കമാലി നിയോജക മണ്ഡലത്തിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കായി അനുവദിച്ച 11.50 കോടിരൂപയുടെ പുനരുദ്ധാരണ പ്രവൃത്തികൾ നീണ്ടുപോകുന്നതിന്റെ കാരണം വിശദമാക്കുമോ;

(ബി) ജലവിഭവ വകുപ്പിലെ സിവിൽ, ഇലക്ട്രിക്കൽ, മെക്കാനിക്കൽ വിഭാഗങ്ങൾക്ക് പരസ്പരം സഹകരണമില്ലാത്തതിനാലാണ് പ്രസ്തുത പദ്ധതി പൂർത്തിയാക്കുന്നതിൽ കാലതാമസം നേരിടുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**കൊയിലാണ്ടി - മേജർ, മൈനർ ഇറിഗേഷൻ പ്രവൃത്തികൾ**

**2326 ശ്രീ. കെ. ദാസൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2011-12 ബജറ്റിൽ തുക അനുവദിച്ചതും കൊയിലാണ്ടി മണ്ഡലത്തിൽ മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റുകൾ നടപ്പിലാക്കികൊണ്ടിരിക്കുന്നതുമായ പ്രവൃത്തികളുടെ വിശദമായ വിവരം വകുപ്പ് തിരിച്ച് ലഭ്യമാക്കുമോ;

(ബി) 2012-2013 ബജറ്റിൽ കൊയിലാണ്ടി മണ്ഡലത്തിൽ മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ വിഭാഗങ്ങളിൽ ഭരണാനുമതി നൽകി അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാം; ഓരോ പ്രവൃത്തിയുടെയും ഭരണാനുമതിയുള്ള തുക എത്രയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**കുട്ടനാട് താലൂക്ക് - മേജര്‍/മൈനര്‍ ഇറിഗേഷന്‍ പ്രവൃത്തികള്‍**

**2327 ശ്രീ. തോമസ് ചാണ്ടി**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കുട്ടനാട് താലൂക്കില്‍ മേജര്‍/മൈനര്‍ ഇറിഗേഷന്‍ വകുപ്പുകളുടെ കീഴില്‍ വിവിധ പ്രവൃത്തികള്‍ക്ക് സാമ്പത്തിക അനുമതി ലഭ്യമാക്കുന്നതിനായി ഈ വര്‍ഷം സമര്‍പ്പിച്ചിട്ടുള്ള അപേക്ഷകളുടെ ഫയല്‍ നമ്പര്‍ സഹിതം വിശദാംശം ലഭ്യമാക്കുമോ;

(ബി) കൈനകരി പഞ്ചായത്തിലെ പ്രിയദര്‍ശിനി ജെട്ടി, ആറുപങ്ക് ജെട്ടി, ആര്‍ ബ്ലോക്ക് പാലാ ടിമ്പേഴ്സ് ജെട്ടി, നടുത്തുരുത്ത് ഗ്രാമീണ ജെട്ടി, പുത്തന്‍ കായല്‍ ജെട്ടി എന്നിവ കോണ്‍ക്രീറ്റ് ചെയ്യുന്നതിന് മുന്‍ഗണന നല്കുമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**കനാലുകളുടെ നവീകരണം പഠന സമിതി**

**2328 ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ എ.സി. കനാലിന്റെ നവീകരണത്തിനായി കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കുവാനും പഠനം നടത്തുവാനും സാങ്കേതിക സമിതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ സമിതി പഠനം നടത്തി പദ്ധതി തയ്യാറാക്കി സമർപ്പിച്ചുവോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) ഇല്ലെങ്കിൽ അടിയന്തിരമായി പഠനം നടത്തി പദ്ധതി തയ്യാറാക്കുവാൻ നിർദ്ദേശം നൽകുമോ ?

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**ആലപ്പുഴ ടൗൺ കനാൽ ശുദ്ധീകരണം**

2329 **ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ടൗൺ കനാലുകളിൽ കടലിൽ നിന്നും ഉപ്പുവെള്ളം കയറ്റി ശുദ്ധീകരിക്കുന്നതിനായുള്ള പദ്ധതി നിലവിലുണ്ടോ;

(ബി) വിശദമായ പദ്ധതി റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിയുടെ ടെണ്ടർ നടപടികൾ എന്നത്തേയ്ക്കു പൂർത്തിയാക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത് ?

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**പൊന്നാനി- കനോലി കനാൽകര സംരക്ഷണ പദ്ധതി**

**2330 ശ്രീ.പി. ശ്രീരാമകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിലൂടെ കടന്നു പോകുന്ന കനോലി കനാലിന്റെ കര സംരക്ഷിക്കുന്ന പദ്ധതി പാതിവഴിയിൽ മുടങ്ങികിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ശേഷിക്കുന്ന ജോലികൾക്കായി തുക വകയിരുത്തിയിട്ടുണ്ടെങ്കിലും പ്രവൃത്തി തുടങ്ങാത്തതിന്റെ കാരണം എന്താണെന്ന് വിശദമാക്കുമോ;

(സി) കനാലിന്റെ ഇരുകരകളും സംരക്ഷിക്കാനുള്ള പില്ലർ, സ്ലാബ് എന്നിവ വർഷങ്ങളായി നിർമ്മിച്ച് വിവിധ സ്ഥലങ്ങളിൽ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇവ ഉപയോഗപ്പെടുത്തി എത്രയും വേഗം പദ്ധതി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**<u>കടലാക്രമണവും കരയിടിച്ചിലും നേരിടുന്നതിന് നടപടി</u>**

2331 **ശ്രീ. കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)**

താഴെ കാണുന്ന ചോദ്യത്തിന്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

വ്യാപകമായ കടലാക്രമണവും കരയിടിച്ചിലും നേരിടുന്നതിന് ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നശേഷം എന്തൊക്കെ പദ്ധതികളാണ് ആവിഷ്ക്കരിച്ചതെന്നും ഇതില്‍ എത്ര പ്രവൃത്തികള്‍ പൂര്‍ത്തീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

**കേരള നിയമസഭ**

**20.06.2012 -ലെ മറുപടിക്ക്**

**<u>അമ്പലപ്പുഴയിൽ കടലാക്രമണം തടയുന്നതിന് നടപടി</u>**

**2332 ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിലെ തോട്ടപ്പള്ളി, പുറക്കാട്, കാക്കാഴം പടിഞ്ഞാറ്, നീർക്കുന്നം, വണ്ടാനം പടിഞ്ഞാറ് തുടങ്ങിയ തീരപ്രദേശങ്ങൾ കടലാക്രമണ ഭീക്ഷണിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കാലവർഷം ശക്തിപ്പെടുന്നതിന് മുമ്പ് ഈ പ്രദേശങ്ങളിൽ എന്തെല്ലാം സംരക്ഷണ പ്രവർത്തനങ്ങളാണ് നടത്തുവാൻ ഉദ്ദേശിക്കുന്നത് ;

(സി) പുറക്കാട് ഗ്രാമപഞ്ചായത്തിലെ 1, 17, 18 വാർഡുകൾ ഉൾപ്പെടുന്ന പ്രദേശത്തെ കടൽഭിത്തി നിർമ്മാണം പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**കടലാക്രമണ മേഖലകളിൽ പുലിമുട്ടുകൾ നിർമ്മാണം**

2333 ശ്രീ. വി. പി. സജീന്ദ്രൻ
,, വി. റ്റി. ബൽറാം
,, പി. സി. വിഷ്ണുനാഥ്
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കടലാക്രമണമുള്ള മേഖലകളിൽ ജനങ്ങളുടെ സുരക്ഷക്കായി എന്തെല്ലാം നടപടികളാണ് കൈകൊള്ളാനുദ്ദേശിക്കുന്നത് ;

(ബി) ഇതിനായി പുലിമുട്ടുകൾ നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) എന്തെല്ലാം സഹായങ്ങളാണ് ഇതിനുവേണ്ടി കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**ഭൂഗർഭജലനിരപ്പ്**

**2334 ശ്രീമതി ഗീതാ ഗോപി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഭൂഗർഭ ജലനിരപ്പ് വളരെ താഴ്ന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**<u>പ്ലാച്ചിമട ട്രൈബ്യൂണൽ</u>**

2335 **ശ്രീമതി ഇ. എസ്. ബിജിമോൾ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പ്ലാച്ചിമട ട്രൈബ്യൂണൽ എന്നത്തേയ്ക്ക് നിലവിൽ വരുമെന്ന് വ്യക്തമാക്കുമോ;

(ബി) ട്രൈബ്യൂണൽ സ്ഥാപിക്കുന്നതിന് നിലവിലുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ട്രൈബ്യൂണൽ സ്ഥാപിക്കുന്നതിന് നാളിതുവരെ സർക്കാർ കൈക്കൊണ്ട നടപടികൾ വിശദീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**ഭൂഗർഭജലത്തിന്റെ ലഭ്യത**

**2336 ശ്രീ. സി.കെ. നാണു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഭൂഗർഭജലം ലഭ്യമല്ലാത്ത ഏതെങ്കിലും പ്രദേശം ഉണ്ടോ; ഉണ്ടെങ്കിൽ അവ ഏതൊക്കെ പഞ്ചായത്തുകളിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പൈപ്പ് ലൈൻ നിലവിലില്ലാത്ത സ്ഥലങ്ങളിൽ കുഴൽ കിണർ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഭൂഗർഭ ജലത്തിന്റെ ലഭ്യത പരിശോധിക്കാൻ എന്തെല്ലാം ആധുനിക സംവിധാനങ്ങളാണ് ഉപയോഗപ്പെടുത്തുന്നത് എന്ന് വ്യക്തമാക്കുമോ?

(ഡി) പൈപ്പ് ലൈൻ ഇല്ലാത്ത പ്രദേശത്ത് കുഴൽ കിണർ അനുവദിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് പരിഗണിക്കുന്നതെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**ഭൂഗർഭജലശേഖരത്തിലുണ്ടായ വ്യതിയാനം-**
**നിരീക്ഷണ സംവിധാനം**

2337 ശ്രീ. സി. മമ്മൂട്ടി
,, പി. ഉബൈദുള്ള
,, കെ. മുഹമ്മദുണ്ണി ഹാജി
,, എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂഗർഭ ജലനിരപ്പിൽ ഉണ്ടാകുന്ന വ്യതിയാനങ്ങളെക്കുറിച്ച് നിരീക്ഷിക്കുന്നതിന് നിലവിലുള്ള സംവിധാനമെന്താണെന്ന് വിശദമാക്കുമോ;

(ബി) കഴിഞ്ഞ ക്ക10 വർഷത്തിനിടയിൽ ജലനിരപ്പിലുണ്ടായിട്ടുള്ള വ്യത്യാസം സംബന്ധിച്ച് ശേഖരിച്ചിട്ടുള്ള വിവരം വെളിപ്പെടുത്താമോ;

(സി) ഭൂഗർഭ ജലശേഖരം പരിപോഷിപ്പിക്കാനുദ്ദേശിച്ചുള്ള പദ്ധതികളെക്കുറിച്ച് വിശദമാക്കുമോ;

(ഡി) ഈ പദ്ധതികൾ മുഖേന ഭൂഗർഭ ജലശേഖരത്തിലുണ്ടായ വ്യത്യാസം സംബന്ധിച്ച് വിവരശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ?

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**<u>ജലവിഭവ വകുപ്പിന് വകയിരുത്തിയിരുന്ന തുക</u>**

**2338 ശ്രീമതി ജമീലാ പ്രകാശം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2011-12 സാമ്പത്തിക വർഷത്തിൽ ജലവിഭവ വകുപ്പിന് വേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ എത്ര ശതമാനം ചെലവഴിച്ചു;

(ബി) എന്തൊക്കെ കാര്യങ്ങൾക്ക് വേണ്ടിയാണ് പ്രസ്തുത തുക ചെലവഴിച്ചിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) എത്ര ശതമാനം തുക ചെലവഴിക്കാതെയുണ്ട്; അത് ചെലവഴിക്കാതിരിക്കാനുള്ള കാരണമെന്ത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**<u>നേമം മണ്ഡലത്തിലെ കുളങ്ങൾ</u>**
**<u>ഉപയോഗ്യയോഗ്യമാക്കാൻ നടപടി</u>**

**2339 ശ്രീ. വി. ശിവൻകുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **നേമം നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന വിവിധ വാർഡുകളിലുള്ള ഏതൊക്കെ കുളങ്ങൾ ഉപയോഗ യോഗ്യമാണെന്നു വ്യക്തമാക്കുമോ ;**

(ബി) **നേമം മണ്ഡലത്തിലെ ഉപയോഗയോഗ്യമല്ലാത്ത കുളങ്ങളുടെ ശുചീകരണ-നവീകരണ പ്രവൃത്തികൾ നടപ്പിലാക്കാൻ സംസ്ഥാന ചെറുകിട ജലസേചന വിഭാഗം ഉദ്ദേശിക്കുന്നുണ്ടോ?**

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

### ജൂനിയർ ഹൈഡ്രോളജിസ്റ്റ് നിയമനം

2340

**ശ്രീ. ഇ. ചന്ദ്രശേഖരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഭൂജല വകുപ്പിൽ നേരിട്ടുള്ള നിയമനത്തിലൂടെ നികത്തേണ്ട ജൂനിയർ ഹൈഡ്രോളജിസ്റ്റുമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത തസ്തികയിലേക്കുള്ള നിയമനത്തിന് പി.എസ്.സി. പട്ടികയിൽ നിന്ന് കഴിഞ്ഞ എട്ട് വർഷത്തിനിടയിൽ എത്ര നിയമനം നടത്തിയെന്നറിയിക്കാമോ;

(സി) നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**20.06.2012 -ലെ മറുപടിക്ക്**

**<u>കാര്യങ്കോട് പുഴയിലെ വെന്റഡ്</u>**
**<u>ചെക്ക് ഡാം ട്രാക്ടര്‍ വേ</u>**

**2341 ശ്രീ. കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

മുന്‍ സര്‍ക്കാരിന്റെ കാലത്ത് നബാര്‍ഡ് സഹായത്തോടെ അനുവദിച്ച കാര്യങ്കോട് പുഴയിലെ വെന്റഡ് ചെക്ക് ഡാം ട്രാക്ടര്‍ വേ എന്ന പദ്ധതിക്ക് നബാര്‍ഡില്‍ നിന്നും അന്തിമ അനുമതി ലഭിക്കാന്‍ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**കോങ്ങാട് മണ്ഡലത്തിലെ**
**ജല സ്രോതസ്സുകളുടെ സംരക്ഷണം**

2342 **ശ്രീ. കെ. വി. വിജയദാസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന്റെ ആദ്യപടിയായി ഓരോ പഞ്ചായത്തിന്റെയും ഓരോ കുളംവീതം പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതിയുടെ രൂപരേഖ തയ്യാറായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പാലക്കാട് ജില്ലയിലെ കോങ്ങാട് മണ്ഡലത്തിലെ 9 പഞ്ചായത്തുകളിൽ ഏതെല്ലാം കുളങ്ങളാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 47 കോടി രൂപയിൽ നിന്ന് മേല്പറഞ്ഞ പഞ്ചായത്തിലെ ഏതൊക്കെ കുളങ്ങൾക്കായി എത്ര തുക വീതം വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

<u>ഡ്രിപ്പ് പദ്ധതി</u>

2343 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡാമുകളുടെ പുനരുദ്ധാരണത്തിനും വികസനത്തിനുമായി 2012-13 വർഷത്തിൽ പദ്ധതി വിഹിതമായി എത്ര രൂപയാണ് നീക്കി വച്ചിരിക്കുന്നത്; പ്രസ്തുത തുക പര്യാപ്തമാണോ; ഇല്ലെങ്കിൽ അധിക തുക എങ്ങനെ വകയിരുത്തും എന്ന് വ്യക്തമാക്കാമോ;

(ബി) ഡാം പുനരുദ്ധാരണത്തിനും വികസനത്തിനുമായുള്ള ഡ്രിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ ഏതെല്ലാം ഡാമുകളാണ് പുനരുദ്ധരിക്കുവാനും വികസിപ്പിക്കുവാനും ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) എന്തെല്ലാം വികസന-പുനരുദ്ധാരണ പ്രവർത്തനങ്ങളാണ് ഡ്രിപ്പ് പദ്ധതിയിലുൾപ്പെടുത്തി മലമ്പുഴ, കാഞ്ഞിരപ്പുഴ എന്നീ ഡാമുകളിൽ ചെയ്യുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**<u>ചിമ്മിനി ഡാം ഇക്കോ ടൂറിസം ബ്യൂട്ടിഫിക്കേഷൻ പദ്ധതി</u>**

**2344 പ്രൊഫ. സി. രവീന്ദ്രനാഥ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചിമ്മിനി ഡാം ഇക്കോ ടൂറിസം കേന്ദ്രമായി പ്രഖ്യാപിച്ച് ഒന്നാം ഘട്ടം നടപ്പിലായിക്കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ടൂറിസം വകുപ്പുമായി സഹകരിച്ച് ഡാം ബ്യൂട്ടിഫിക്കേഷൻ കൂടി നടപ്പിലാക്കി കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കാനുള്ള പദ്ധതി തയ്യാറാക്കുമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**ജലാശയങ്ങൾ മലിനമാക്കുന്നവർക്കെതിരെ കർശന നടപടി**

**2345 ഡോ. കെ. ടി. ജലീൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികളും മറ്റു ജലസ്രോതസ്സുകളും വലിയ തോതിൽ മലിനീകരണത്തെ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, പാർപ്പിട സമുച്ചയങ്ങൾ, വലിയ ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവ പുറത്തുവിടുന്ന മാലിന്യങ്ങളാണ് കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതെന്ന് തിരിച്ചറിഞ്ഞിട്ടുണ്ടോ;

(സി) 2009-ൽ ഭേദഗതി ചെയ്ത കേരള പഞ്ചായത്ത് രാജ് ആക്റ്റ്, കേരള മുനിസിപ്പാലിറ്റി ആക്റ്റ് എന്നിവ പ്രകാരം ജലാശയങ്ങൾ മലിനമാക്കുന്നവർക്കെതിരെ ബന്ധപ്പെട്ട അധികാരികൾ കർശന നടപടി കൈക്കൊള്ളാത്തതാണോ മാലിന്യ പ്രശ്നങ്ങൾ രൂക്ഷമാക്കാൻ കാരണമെന്നത് പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഇതനുസരിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര കേസ്സുകൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ജലം മലിനമാക്കുന്നവരെ സംബന്ധിച്ച് പരാതി ലഭിച്ചിട്ടും നടപടി സ്വീകരിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുമോ;

(എഫ്) കൂടുതൽ മലിനീകരണ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ ഒരു ഉന്നത ഉദ്യോഗസ്ഥ സംഘം മിന്നൽ പരിശോധന നടത്തുന്നതിനും കുറ്റക്കാർക്കെതിരെ യഥാസ്ഥലത്തുവെച്ചുതന്നെ നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകുമോ;

(ജി) മലിനീകരണം നടത്തുന്നതായിട്ടുള്ള മാധ്യമ റിപ്പോർട്ടുകൾ പരിശോധിച്ചു കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നത് കൂടുതൽ പ്രയോജനപ്രദമാകുമെന്ന് കരുതുന്നുണ്ടോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**അണക്കെട്ടുകളിൽ നിന്നും മണൽ വാരൽ**

2346 **ശ്രീമതി കെ. കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള അണക്കെട്ടുകളിൽ നിന്ന് മണൽവാരുന്നതിന് അനുവാദം നൽകിയിട്ടുണ്ടോ ; എങ്കിൽ അവ ഏതൊക്കെ;

(ബി) ഓരോ അണക്കെട്ടിൽ നിന്നും മണൽ വാരിയ ഇനത്തിൽ എത്ര തുക വീതം ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**ശാസ്താംകോട്ട തടാകസംരക്ഷണം**

**2347 ശ്രീ. കോവൂർ കുഞ്ഞുമോൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ശാസ്താംകോട്ട ശുദ്ധജലതടാകം സംരക്ഷിക്കുന്നതിന് നാളിതുവരെ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) ശാസ്താംകോട്ട തടാകതീരത്തെ കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ശാസ്താംകോട്ട തടാകം അടുത്ത കാലത്തായി വളരെയധികം ജലശോഷണം സംഭവിച്ച് ജലസമ്പത്ത് നഷ്ടപ്പെടുന്നതിന്റെ കാരണം പഠനവിഷയമാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഏത് ഏജൻസിയെയാണ് ഇതിന്റെ പഠനത്തിനായി നിയോഗിച്ചിരിക്കുന്നത്?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**നേമത്തെ പ്രധാന പദ്ധതികൾ**

**2348** ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിൽ സംസ്ഥാന ജലവിഭവ വകുപ്പ് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രധാന പദ്ധതികൾ ഏതൊക്കെയാണെന്നു വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികൾ ഏതൊക്കെ നഗരസഭാ വാർഡുകളിലാണ് നടപ്പിലാക്കുന്നതെന്നും ഓരോ പദ്ധതിയ്ക്കും ചെലവഴിക്കുന്ന തുക എത്ര വീതമാണെന്നും വിശദമാക്കുമോ ?

# കേരള നിയമസഭ
# 20.06.2012 -ലെ മറുപടിക്ക്

**ജലനിധി രണ്ടാംഘട്ടം - പദ്ധതി പ്രവർത്തനങ്ങൾ**

**2349** **ശ്രീ. വി. ശശി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ലോകബാങ്കിന്റെ സഹായത്തോടെയുള്ള ജലനിധി രണ്ടാംഘട്ട പദ്ധതിയുടെ ഭാഗമായി 2011-12 വർഷത്തിൽ എത്ര ഗ്രാമപഞ്ചായത്തുകളിൽ പുതിയ പ്രോജക്ടുകൾ ആരംഭിച്ചു;

(ബി) ഇതിനായി പ്രസ്തുത വർഷം എത്ര തുകയാണ് ടാർജറ്റ് ഇട്ടിരുന്നത്; ഈ ടാർജറ്റ് പ്രകാരം എത്ര ഗ്രാമപഞ്ചായത്തുകൾക്ക് പ്രസ്തുത പ്രോജക്ടിന്റെ ഫലം ലഭിക്കുമെന്ന് കണക്കാക്കിയിരുന്നു;

(സി) 2011-12 വർഷം ടാർജറ്റ് ചെയ്ത പ്രോജക്ട് കോസ്റ്റിൽ എത്ര തുക ചെലവഴിച്ചുവെന്നും ഇതിന്റെ ഗുണം എത്ര ഗ്രാമപഞ്ചായത്തുകൾക്ക് ലഭിച്ചുവെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണം**

2350 ശ്രീ. റ്റി. എൻ. പ്രതാപൻ
,, പാലോട് രവി
,, എം. പി. വിൻസന്റ്
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം എത്ര കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ബി) കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**<u>കണ്ണൂർ ജില്ലയിലെ ജലനിധി 2-ാം ഘട്ടം</u>**

2351 **ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യത്തിന്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിൽ ജലനിധിയുടെ 2-ാം ഘട്ട പദ്ധതിക്കായി ഏതൊക്കെ പഞ്ചായത്തുകളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; ഇത് സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**<u>കുടിവെള്ള ദൗർലഭ്യം പരിഹരിക്കുന്നതിന് ചെക്ക് ഡാമുകൾ</u>**

**2352**

**ശ്രീ. എം. ഉമ്മർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **വേനൽക്കാലത്ത് രൂക്ഷമാകുന്ന കുടിവെള്ള ദൗർലഭ്യം പരിഹരിക്കുന്നതിനായി കൂടുതൽ തടയണകൾ കെട്ടുന്ന കാര്യം പരിഗണനയിലുണ്ടോ;**

(ബി) **നദികളിൽ പരമാവധി സ്ഥലങ്ങളിൽ സ്ഥിരം ചെക്ക്ഡാമുകൾ നിർമ്മിക്കുന്ന കാര്യം ആലോചിക്കുമോ;**

(സി) **ഏതെല്ലാം നദികളിലാണ് ഇപ്പോൾ ശുദ്ധജല സംഭരണത്തിനായി ചെക്ക് ഡാമുകൾ നിർമ്മിച്ചിട്ടുള്ളത് ?**

**കേരള നിയമസഭ**
**20.06.2012 -ലെ മറുപടിക്ക്**

**കോഴിക്കോട് ജില്ലയിൽ ജലനിധി പദ്ധതി**

**2353** **ശ്രീ. പി.റ്റി.എ. റഹീം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോഴിക്കോട് ജില്ലയിൽ കെ.ഡബ്ല്യൂ.എ. അംഗീകാരം നൽകിയ കുടിവെള്ള പദ്ധതികൾ ഏതെല്ലാമാണ്;

(ബി) ഇവ ഓരോന്നിന്റെയും എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ജില്ലയിൽ ജലനിധി പദ്ധതിയിലുൾപ്പെടുത്താൻ തീരുമാനിച്ച പഞ്ചായത്തുകൾ ഏതെല്ലാമാണ്;

(ഡി) എം.എൽ.എ.മാരിൽ നിന്ന് സർക്കാർ ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ ക്ഷണിച്ചിരുന്നുവോ;

(ഇ) എങ്കിൽ അവ ഏതെല്ലാമാണ്;

(എഫ്) ഒളവണ്ണ പഞ്ചായത്തിൽ പുതുതായി ഏതെങ്കിലും കുടിവെള്ള പദ്ധതികൾ ആരംഭിക്കുന്നതിന് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**മലപ്പുറം ജില്ലയിലെ ജലനിധി പദ്ധതികൾ**

**2354 ശ്രീ. റ്റി. എ. അഹമ്മദ് കബീർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് പുതുതായി ജലനിധി പദ്ധതി ആരംഭിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കുടിവെള്ള ക്ഷാമം രൂക്ഷമായ മങ്കട മണ്ഡലത്തിലെ കൂട്ടിലങ്ങാടി, മങ്കട, മക്കരപറമ്പ എന്നീ ഗ്രാമപഞ്ചായത്തുകളെ ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**ഏറനാട് മണ്ഡലത്തിലെ ജലനിധി പദ്ധതി**

2355 **ശ്രീ. പി. കെ. ബഷീർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ജലനിധി പദ്ധതിയിൻ കീഴിൽ സംസ്ഥാനത്ത് നാളിതു വരെ എത്ര പഞ്ചായത്തുകളെ ഉൾപ്പെടുത്തിയിട്ടുണ്ട്;

(ബി) ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് പുതുതായി പ്രസ്തുത പദ്ധതി ആരംഭിക്കുന്നത് എന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**ഭൂഗർഭ ജലചൂഷണം**

2356 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുഴൽ കിണറുകൾ നിർമ്മിച്ച് ഭൂഗർഭ ജലം വൻതോതിൽ ചൂഷണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയത് തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഭൂഗർഭ ജലം ഉപയോഗിയ്ക്കുന്നതിന് അനുമതി ആവശ്യമായിട്ടുണ്ടോ ; എങ്കിൽ ഏത് വകുപ്പിന്റെ അനുമതിയാണ് വേണ്ടത്;

(സി) വൻതോതിൽ ഭൂഗർഭജലം ചൂഷണം കൊണ്ടുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ തടയുന്നതിന് എന്തൊക്കെ നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**വരൾച്ചാ ദുരിതാശ്വാസ പദ്ധതി**

**2357 ശ്രീ. തോമസ് ചാണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വരൾച്ചാ ദുരിദാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ഏതെല്ലാം പ്രവൃത്തികളാണ് ഇനിയും പൂർത്തിയാകാനുള്ളത്;

(ബി) ടെണ്ടർ കാലാവധി കഴിഞ്ഞിട്ടും നിർമ്മാണം പൂർത്തിയാക്കാത്ത പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ടെണ്ടർ ക്ഷണിച്ചിട്ടും കരാറുകാർ ഏറ്റെടുക്കാത്ത പ്രവൃത്തികൾ ഏതൊക്കെയാണ് ?

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**മലിനജല വിതരണം സംബന്ധിച്ച പരാതി**

2358

**ശ്രീ. മുല്ലക്കര രത്നാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിൽ മലിനജലം കലരുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;**

(ബി) **എങ്കിൽ ഇത്തരം സംഭവങ്ങളുമായി ബന്ധപ്പെട്ട് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ശുദ്ധജലം തന്നെ വിതരണം ചെയ്യുന്നതിനാവശ്യമായ സംവിധാനംഏർപ്പെടുത്തിയിട്ടുണ്ടോ ?**

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**ടാങ്കർ ലോറികളിൽ വിതരണം ചെയ്യുന്ന വെള്ളത്തിന്റെ ഗുണമേൻമ പരിശോധന**

**2359** ശ്രീ. കെ. മുരളീധരൻ
,, ഹൈബി ഈഡൻ
,, വി. റ്റി. ബൽറാം
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പകർച്ചവ്യാധികൾ വ്യാപിക്കാതിരിക്കാൻ സംസ്ഥാനത്ത് ടാങ്കർ ലോറികളിൽ മലിനജലം വിതരണം ചെയ്യുന്നത് തടയാനും മോണിറ്ററിംഗ് നടത്താനും എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ബി) ആയതു സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ആയതിനു വേണ്ടി എങ്ങനെ സഹകരിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) വെള്ളത്തിന്റെ ഗുണമേന്മ പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനമാണ് ഒരുക്കിയിട്ടുള്ളത് ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**ജലത്തിന്റെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് മൊബൈൽ ലബോറട്ടറി**

**2360** ശ്രീ. പിറ്റി.എ. റഹിം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സി.ഡബ്ളിയു.ആർ.ഡി.എം. എന്ന സ്ഥാപനത്തിൽ ജലത്തിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പു വരുത്തുന്നതിന് മൊബൈൽ ലബോറട്ടറി സ്ഥാപിക്കുമെന്ന തീരുമാനത്തിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര മൊബൈൽ ലാബുകളാണ് ആരംഭിക്കുന്നത്;

(സി) കേരളത്തിലെ മുഴുവൻ ജലവും പരിശോധിച്ച് വാട്ടർ കാർഡുകൾ നൽകുന്നത് സംബന്ധിച്ച് സർക്കാരിന്റെ നിലപാട് എന്താണ്?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

<u>പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതി</u>

2361 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പട്ടുവം ജപ്പാൻ കുടിവെള്ള വിതരണ പദ്ധതിയുടെ നിർമ്മാണം ആരംഭിച്ചതെപ്പോഴാണ്;

(ബി) ഏതൊക്കെ പഞ്ചായത്തുകളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുളളത്;

(സി) പല പഞ്ചായത്തുകളിലും മുമ്പ് തീരുമാനിച്ച സ്ഥലങ്ങളെ ഒഴിവാക്കിയാണ് ഇപ്പോൾ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുളളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ശുദ്ധജലക്ഷാമം രൂക്ഷമായ പ്രദേശങ്ങളെക്കൂടി ഉൾപ്പെടുത്തി പൈപ്പ് ലൈൻ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ;

(ഡി) പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതി എന്ന് കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**<u>വള്ളിക്കുന്നം മണ്ഡലത്തിലെ സാര്‍ക്ക് കുടിവെള്ള പദ്ധതി</u>**

**2362**

**ശ്രീ. കെ. എന്‍. എ. ഖാദര്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തില്‍പ്പെട്ട സാര്‍ക്ക് കുടിവെള്ള പദ്ധതി പൂര്‍ത്തിയാക്കുന്നതിന് നാഷണല്‍ ഹൈവേ അതോറിറ്റി തടസ്സം നില്‍ക്കുന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ചേലേമ്പ്ര, തേഞ്ഞിപ്പലം, പെരുവള്ളൂര്‍, മൂന്നിയൂര്‍ പഞ്ചായത്തുകള്‍ക്ക് പ്രയോജനം ചെയ്യുന്ന ഈ ബൃഹത്തായ പദ്ധതിയ്ക്ക് വേണ്ടി നേരത്തേ ഇട്ട പൈപ്പുകള്‍ മാറ്റി സ്ഥാപിക്കുവാന്‍ എന്‍.എച്ച്. അതോറിറ്റിയുടെ അനുമതി ആവശ്യപ്പെടാന്‍ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**<u>കണ്ണൂരിലെ ഡിസ്ട്രിബ്യൂഷൻ ലൈനുകൾ പുതുക്കി പണിയുന്നതിന് നടപടി</u>**

**2363 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ മുനിസിപ്പാലിറ്റിയിലെയും നഗരത്തിന് ചുറ്റുമുള്ള പഞ്ചായത്തുകളിലേയും ജലസേചനത്തിനായി സ്ഥാപിച്ചിട്ടുള്ള ഡിസ്ട്രിബ്യൂഷൻ ലൈനുകൾ കാലപഴക്കത്താൽ നാശോന്മുഖമായ അവസ്ഥയിലാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിൽ സംഭവിക്കുന്ന കേടുപാടുകൾ കാരണം മിക്ക ദിവസങ്ങളിലും ഈ പ്രദേശത്ത് ജലദൗർലഭ്യം അനുഭവപ്പെടുന്നതിന് ശാശ്വത പരിഹാരമെന്ന നിലയിൽ ഇവിടെ സ്ഥാപിച്ചിട്ടുള്ള ഡിസ്ട്രിബ്യൂഷൻ ലൈനുകൾ പുതുക്കി പണിയുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**പമ്പ് ഹൗസിലെ മോട്ടോർ മാറ്റിസ്ഥാപിക്കുന്നതിന് നടപടി**

**2364 ശ്രീ. എ. എ. അസീസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ പൂന്തലത്താഴം മാർക്കറ്റിൽ സ്ഥാപിച്ചിട്ടുള്ള വാട്ടർ അതോറിറ്റിയുടെ പമ്പ് ഹൗസ് 2012 മാർച്ച്, ഏപ്രിൽ, മേയ് എന്നീ മാസങ്ങളിൽ എത്ര ദിവസം പ്രവർത്തിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പമ്പ് ഹൗസിലെ മോട്ടറിന് അറ്റകുറ്റപ്പണിയും റീവൈൻഡിംഗും നടത്തിയതിന് 2010 ജനുവരി മുതൽ നാളിതുവരെ എത്ര രൂപ ചെലവാക്കിയിട്ടുണ്ട് ;

(സി) നിരന്തരം കേടായിക്കൊണ്ടിരിക്കുന്ന മോട്ടർ, സ്ഥലവാസികളുടെ കുടിവെള്ള പ്രശ്നം പരിഹരിക്കുവാൻ പര്യാപ്തമല്ലാത്തതിനാൽ ആയത് മാറ്റി പുതിയത് സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**20.06.2012 -ലെ മറുപടിക്ക്**

<u>**പഞ്ചായത്തിൽ എസ്.എൽ.സി. കുടിവെള്ള വിതരണ പദ്ധതി**</u>

**2365**

**ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ വർഷം എസ്.എൽ.സി.യിൽ ഉൾപ്പെടുത്തി എത്ര പഞ്ചായത്തുകളിലാണ് കുടിവെള്ള പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ളത്;

(ബി) കൊടുവള്ളി സെക്ഷൻ പരിധിയിൽപ്പെട്ട ഓമശ്ശേരി ഗ്രാമപഞ്ചായത്തിൽ എസ്.എൽ.സി. അംഗീകരിച്ച പദ്ധതിയുടെ പ്രവർത്തനം എന്നു മുതൽ ആരംഭിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) വരൾച്ച നേരിടുന്ന പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

### <u>രാമങ്കരി, നെടുമുടി പഞ്ചായത്തുകളിലെ കുടിവെള്ള വിതരണം</u>

**2366** **ശ്രീ. തോമസ് ചാണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) രാമങ്കരി പഞ്ചായത്തിലെ ഓവർഹെഡ് ടാങ്കിലേക്ക് കുടിവെള്ളം എത്തിക്കുവാൻ എം.സി. റോഡിലൂടെ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് വാട്ടർ അതോറിറ്റി അധികൃതരും കെ.എസ്.റ്റി.പി.യും തമ്മിൽ ചർച്ച നടത്തി അടിയന്തിര നടപടി സ്വീകരിക്കുമോ;

(ബി) നെടുമുടി പഞ്ചായത്തിലെ പൊങ്ങ പ്രദേശത്ത് കുടിവെള്ളം എത്തിക്കുന്നതിന് തയ്യാറാക്കിയ 21 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കും സാമ്പത്തിക അനുമതിക്കുമായി സമർപ്പിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ തീയതി സഹിതമുള്ള ഫയൽ നമ്പർ ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**<u>വെസ്റ്റ് എളേരി കുടിവെള്ള പദ്ധതി</u>**

**2367**

### ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**മുൻസർക്കാർ ആരംഭിച്ച വെസ്റ്റ് എളേരി കുടിവെള്ള പദ്ധതി പ്രകാരം പൈപ്പ്ലൈൻ നീട്ടി കൂടുതൽ കുടുംബങ്ങൾക്ക് കുടിവെള്ളമെത്തിക്കാനുള്ള പ്രവൃത്തി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?**

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**പന്തളം ശുദ്ധജല വിതരണ പദ്ധതി**

**2368**

**ശ്രീ. ചിറ്റയം ഗോപകുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പന്തളം ശുദ്ധജല വിതരണ പദ്ധതിയുടെ പൂർത്തീകരണത്തിനായി പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടിയുടെ വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി സത്വര നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ജീവനക്കാർക്ക് നിർദ്ദേശം നൽകുമോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**ഹരിതീർത്ഥക്കര കുടിവെള്ള പദ്ധതി**

**2369 ശ്രീ. സി. കൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **കാങ്കോൽ-ആലപ്പടമ്പ പഞ്ചായത്തിലെ ഹരിതീർത്ഥക്കരയിൽ മുൻസർക്കാർ ആരംഭിച്ച കുടിവെള്ള പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ;**

(ബി) **പ്രസ്തുത പദ്ധതിയിൽ നിന്നും എപ്പോൾ മുതൽ ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാകുമെന്ന് അറിയിക്കുമോ?**

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**കുട്ടനാട്ടിലെ ഇന്റർഗ്രേറ്റഡ് വാട്ടർ ആന്റ് സാനിറ്റേഷൻ പ്രോജക്റ്റ്**

**2370 ശ്രീ. തോമസ് ചാണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ കാലപ്പഴക്കം ചെന്ന കുടിവെള്ളപ്പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിന് പുതുക്കിയ ഇന്റഗ്രേറ്റഡ് വാട്ടർ ആന്റ് സാനിട്ടേഷൻ പ്രോജക്റ്റിന്റെ ഏതെല്ലാം പദ്ധതികളാണ് റിവൈസ് ചെയ്ത് കേന്ദ്രസഹായത്തിനായി സമർപ്പിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) വാസ്കോൺ തയ്യാറാക്കിയ 178 കോടി രൂപയുടെ പദ്ധതിയുടെ അവസ്ഥ വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി റിപ്പോർട്ട് കേന്ദ്ര സഹായത്തിനായി സമർപ്പിച്ച തീയതിയും കത്തിന്റെ പകർപ്പും ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

<u>കൂടരഞ്ഞി ഗ്രാമീണ ശുദ്ധജല പദ്ധതി</u>

2371 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി നിയോജക മണ്ഡലത്തിലെ കൂടരഞ്ഞി ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയും കിണറും പമ്പ് ഹൗസും വെള്ളപ്പൊക്കത്തിൽ ഉപയോഗ ശൂന്യമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശുദ്ധജലക്ഷാമം രൂക്ഷമായിട്ടുള്ള മലയോര പ്രദേശം എന്നത് കണക്കിലെടുത്ത് ഇവ പുനർ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ ഇതിനായി എത്ര രൂപയുടെ എസ്റ്റിമേറ്റാണ് എടുത്തിട്ടുള്ളത്;

(സി) ഏത് ഏജൻസിവഴിയാണ് പുനർ നിർമ്മിക്കാൻ നടപടി സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ;

(ഡി) ആയതിന് എന്ന് അനുമതി നൽകാനാകുമെന്ന് അറിയിക്കുമോ?

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

<u>ആറ്റിങ്ങലിൽ പമ്പ് ഓപ്പറേറ്റർമാരുടെ കുറവ്</u>

2372 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയുടെ ആറ്റിങ്ങൽ ഡിവിഷൻ ഓഫീസിന്റെ കീഴിൽ പമ്പ് ഓപ്പറേറ്റർമാരുടെ ആകെ എത്ര തസ്തികകൾ ആണ് ഉള്ളത്; വ്യക്തമാക്കുമോ;

(ബി) ഇവയിൽ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്;

(സി) പമ്പ് ഓപ്പറേറ്റർമാരുടെ കുറവ് മൂലം ആറ്റിങ്ങൽ മണ്ഡലത്തിലെ ഗ്രാമീണ മേഖലയിൽ പമ്പ് ഹൗസുകളിൽ പമ്പിംഗ് നടക്കാത്തതിനാൽ കുടിവെള്ള ക്ഷാമം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇവിടെ കുടിവെള്ള ലഭ്യത ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**<u>കൊല്ലം ജില്ലയിലെ കുടിവെള്ള പദ്ധതികൾ</u>**

2373 **ശ്രീമതി പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ നിർമ്മാണത്തിലിരിക്കുന്ന കുളക്കട - പവിത്രേശ്വരം പദ്ധതി, നെടുമൺകാവ് കൽച്ചിറ പദ്ധതി എന്നിവയുടെ പൂർത്തീകരണ കാലാവധി എന്നാണ്;

(ബി) പ്രസ്തുത പദ്ധതികൾ എന്ന് പൂർത്തീകരിക്കാനാകും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**കാഞ്ഞങ്ങാട് നമ്പ്യാർക്കാൽ പദ്ധതി**

**2374 ശ്രീ. ഇ. ചന്ദ്രശേഖരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നഗരസഭയിലെ നമ്പ്യാർക്കാൽ പദ്ധതി ടെൻഡർ ഉറപ്പിച്ചു നൽകിയ കരാറുകാരൻ ഏറ്റെടുക്കുവാൻ തയ്യാറാകാത്തത് എന്തുകൊണ്ട്;

(ബി) ഏത് വർഷത്തെ നിരക്കിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത് എന്ന് വ്യക്തമാക്കാമോ;

(സി) എസ്റ്റിമേറ്റ് പുതുക്കുമ്പോൾ എത്ര ശതമാനം വർദ്ധനവ് എസ്റ്റിമേറ്റിൽ ഉണ്ടാകുമെന്ന് അറിയിക്കാമോ;

(ഡി) പുതിയ എസ്റ്റിമേറ്റ് നിലവിലെ ടെൻഡർ തുകയെക്കാൾ അധികമാകുവാൻ സാദ്ധ്യതയുണ്ടോ;

(ഇ) ഇന്നത്തെ സാഹചര്യത്തിൽ നമ്പ്യാർക്കാൽ പദ്ധതി യാഥാർത്ഥ്യമാക്കുവാൻ എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**തിരുവമ്പാടി കൊടിയത്തൂർ ഐലാക്കോട് കുടിവെള്ള പദ്ധതി**

**2375 ശ്രീ. സി. മോയിൻകുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി നിയോജക മണ്ഡലത്തിലെ കൊടിയത്തൂർ ഗ്രാമപഞ്ചായത്തിലെ ഐലാക്കോട് കുടിവെള്ള പദ്ധതി നടത്തിപ്പ് കേരള വാട്ടർ അതോറിറ്റിയുടെ കീഴിലാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിലൂടെ കുടിവെള്ള വിതരണവും മറ്റും കാര്യക്ഷമമായി നടത്താൻ കഴിയും എന്നത് കണക്കിലെടുത്ത് ഇക്കാര്യം അനുഭാവപൂർവ്വം പരിഗണിക്കുമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**<u>പേരാമ്പ്ര സബ് ഡിവിഷണൽ ഓഫീസിനു കീഴിൽ കുടിവെള്ള വിതരണം</u>**

2376 **ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ
വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ പേരാമ്പ്ര സബ് ഡിവിഷൻ ഓഫീസിനു കീഴിൽ എത്ര പഞ്ചായത്തുകളിൽ എത്ര പേർക്ക് കുടിവെള്ളം വിതരണം നടത്തുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ പൊതു, ഗാർഹിക, ഗാഹികേതര കണക്ഷനുകൾ എത്രയുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) പേരാമ്പ്ര സബ്ഡിവിഷൻ ഓഫീസ് എന്നാണ് പ്രവർത്തനം ആരംഭിച്ചത്; പ്രസ്തുത ഓഫീസ് ആരംഭിച്ചപ്പോൾ എത്ര ജീവനക്കാരുണ്ടായിരുന്നു; അവർ ഏതെല്ലാം തസ്തികകളിലാണെന്നും ഇപ്പോൾ ഏതെല്ലാം തസ്തികകളിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ട് എന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഓഫീസ് ആരംഭിച്ചപ്പോൾ എത്ര പേർക്ക് കുടിവെള്ള വിതരണം നടത്തിയിരുന്നു എന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**കുട്ടനാട്ടിലെ വാട്ടർ അതോറിറ്റി ഓഫീസുകളിലെ വൈദ്യുതി ബിൽ കുടിശ്ശിക**

**2377 ശ്രീ. തോമസ് ചാണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എടത്വ വാട്ടർ അതോറിറ്റി ഓഫീസിന്റെ 2010 ഡിസംബർ മുതലുള്ള വൈദ്യുതി ബിൽ തുക കുടിശ്ശികയായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എത്ര തുക കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തുക അടയ്ക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(ഡി) കുട്ടനാട്ടിലെ ഏതെല്ലാം വാട്ടർ അതോറിറ്റി ഓഫീസുകളിലും ഏതെല്ലാം ബോർവെല്ലുകളിലും വൈദ്യുതി ബിൽ തുക കുടിശ്ശിക വന്നിട്ടുണ്ടെന്നും ഓരോന്നിലും കുടിശ്ശിക വന്നിട്ടുള്ള തുക എത്രയെന്നും വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ;

(ഇ) വൈദ്യുതി ബിൽ കുടിശ്ശിക മൂലം ഏതൊക്കെ പമ്പ് ഹൗസുകളിലെയും ഓഫീസുകളിലെയും വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുമെന്ന് അധികൃതർ നോട്ടീസ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

<u>താനൂരിൽ കടൽവെള്ള സംസ്കരണ പദ്ധതി</u>

2378 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കടൽവെള്ളത്തിൽ നിന്ന് കുടിവെള്ളം സംസ്കരിച്ച് വിതരണം ചെയ്യുന്ന പദ്ധതി പരിഗണനയിലുണ്ടോ;

(ബി) ഏതെല്ലാം ജില്ലകളിലാണ് പൈലറ്റ് പ്രോജക്ടായി ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) മലപ്പുറം ജില്ലയിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന തീരപ്രദേശമായ താനൂരിൽ ഈ പദ്ധതി നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ നടപടി സ്വീകരിക്കുമോ;

(ഡി) ഈ പദ്ധതിയുടെ പ്രവർത്തനം എപ്പോൾ ആരംഭിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**പേരാമ്പ്ര - കുടിവെള്ള വിതരണത്തിനായി**
**മൾട്ടി പഞ്ചായത്ത് പദ്ധതി**

2379 **ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി പേരാമ്പ്ര സബ് ഡിവിഷനുകീഴിൽ പേരാമ്പ്ര ടൗണിലും പഞ്ചായത്തുകളിലും കുടിവെള്ള വിതരണം മുടങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതിന് മൾട്ടി പഞ്ചായത്ത് പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള 15 കോടി രൂപയുടെ പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ഡി) ഇതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഇ) മേൽപ്പറഞ്ഞ കേരള വാട്ടർ അതോറിറ്റി പേരാമ്പ്ര സബ്ഡിവിഷൻ ഓഫീസ് നിർത്തലാക്കാൻ ശ്രമം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ആയതിന്റെ കാരണമെന്തെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**കാളിപ്പാറ വാട്ടർ സപ്ലൈ സ്കീം**

**2380 ശ്രീമതി. ജമീലാ പ്രകാശം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട കാളിപ്പാറ വാട്ടർ സപ്ലൈ സ്കീമിന്റെ ലഭ്യമായ ജലസ്രോതസ്സ് സംബന്ധിച്ച് ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം എത്ര എം.എൽ.ഡി വെള്ളം ലഭ്യമാകുമെന്നും ഏതൊക്കെ പഞ്ചായത്തുകളിൽ ഈ പദ്ധതി പ്രകാരം കുടിവെള്ളം എത്തിക്കാൻ കഴിയുമെന്നും ശാസ്ത്രീയമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ ?

**കേരള നിയമസഭ**
**20.06.2012 -ലെ മറുപടിക്ക്**

**<u>കോഴിക്കോട് ജില്ലയിലെ കുടിവെള്ള ഉപഭോഗം</u>**

**2381 ശ്രീ. സി. കെ. നാണു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ പത്തു വർഷം കൊണ്ട് കുടിവെള്ള ഉപയോഗം ശരാശരി എത്ര വർദ്ധിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം പുഴകളിൽനിന്നാണ് കുടിവെള്ള പദ്ധതികൾക്ക് ആവശ്യമായ ജലം ലഭ്യമാക്കുന്നത്; ഇതിന് ആവശ്യമായ ജല ലഭ്യത ഉറപ്പുവരുത്താൻ തടയണകൾ കെട്ടാൻ നടപടികൾ സ്വീകരിക്കുന്നുണ്ടോ;

(സി) കുടിവെള്ളം ശേഖരിക്കുന്ന പുഴകളുടെ തീരത്ത് ജലം മലിനമാകാതിരിക്കാൻ എന്തെങ്കിലും നടപടികൾ ചെയ്തുവരുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**ചേലക്കര പഴയന്നൂർ ഗ്രാമപഞ്ചായത്ത് കുടിവെള്ള പദ്ധതി**

**2382 ശ്രീ. കെ. രാധാകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജക മണ്ഡലത്തിലെ പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ ഒരു പുതിയ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് സ്റ്റേറ്റ് ലവൽ സാങ്ഷൻ കമ്മിറ്റിയുടെ (എസ്.എൽ.എസ്.സി) അംഗീകാരത്തിനും അനുമതിക്കും വേണ്ടിയുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) കേരള വാട്ടർ അതോറിറ്റിയുടെ സംരംഭമായ വാസ്കോൺ തയ്യാറാക്കിയ പ്രസ്തുത പ്രോജക്ട് അംഗീകരിക്കുവാനും
പഴയന്നൂർ പഞ്ചായത്തിലെ എല്ലാ പ്രദേശത്തെയും ജല
ദൗർലഭ്യം പരിഹരിക്കുന്നതിനു വേണ്ടി എസ്.എൽ.എസ്.ഡി. യുടെ അനുമതിയും ഫണ്ടും ലഭ്യമാക്കുവാനും നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**തിരുപുറം - കുമിളി ശുദ്ധജല പദ്ധതി**

**2383 ശ്രീമതി ജമീലാ പ്രകാശം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തിരുപുറം പഞ്ചായത്തിലെ കുമിളിയിൽ, കുമിളി ശുദ്ധജല പദ്ധതിയുടെ വികസനത്തിന് വേണ്ടി രണ്ട് ഏക്കർ സ്ഥലം 4(1) നോട്ടിഫിക്കേഷൻ പ്രകാരം ഫാസ്റ്റ് ട്രാക്കിൽ ഉൾപ്പെടുത്തി അക്വയർ ചെയ്യാൻ 2011 ജൂൺ 6-ാം തീയതി ജലവിഭവ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന യോഗത്തിൽ തീരുമാനിച്ചിരുന്നുവോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ അത് സംബന്ധിച്ച് സ്വീകരിച്ച തുടർനടപടികൾ എന്തെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**<u>ചേലക്കര - ദേശമംഗലം അമ്പാട്ടുകുന്ന് കോളനിക്ക് കുടിവെള്ളം</u>**

**2384 ശ്രീ. കെ. രാധാകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ ദേശമംഗലം ഗ്രാമപഞ്ചായത്തിൽപ്പെട്ട അമ്പാട്ടുകുന്ന് പട്ടികജാതി കോളനിക്കു വേണ്ടി നിർവ്വഹണം പൂർത്തിയാക്കിയ കുടിവെള്ള പദ്ധതിയിലേയ്ക്ക് വാട്ടർ അതോറിറ്റിയുടെ കടങ്ങോട് പദ്ധതിയിൽ നിന്നും ജലം ലഭ്യമാക്കണമെന്ന പഞ്ചായത്ത് സമിതിയുടെ അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) അമ്പാട്ടുകുന്ന് കോളനിയിൽ കുടിവെള്ള സ്രോതസ്സിനു വേണ്ടി കുഴൽക്കിണറുകൾ കുഴിച്ചിട്ടും ജലം ലഭ്യമാകാത്ത സാഹചര്യത്തിൽ തൊട്ടടുത്തു കൂടി കടന്നുപോകുന്ന കടങ്ങോട് പദ്ധതിയിൽ നിന്നും ജലം ലഭ്യമാക്കുന്നതിനാവശ്യമായ കണക്ഷൻ നൽകുവാൻ അടിയന്തിരമായി നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

<u>കൊടുവള്ളിയിലെ കുടിവെള്ള പ്രശ്നം</u>

2385 **ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയുടെ കീഴിലെ കേടായ പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിച്ചാൽ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ കഴിയുന്ന സ്ഥലങ്ങളെ സംബന്ധിച്ച വിവര ശേഖരണത്തിന് എന്തെങ്കിലും സർവ്വേ നടത്തിയിട്ടുണ്ടോ;

(ബി) കേടായ പൈപ്പ്ലൈനുകൾ മാറ്റിയിടുന്നതിന് വാട്ടർ അതോറിറ്റി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കൊടുവള്ളി സെക്ഷൻ പരിധിയിൽ കേടായ പൈപ്പുകൾ മാറ്റി കുടിവെള്ളം എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ?